**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിൽ വർഷങ്ങളായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ആളൂർ വില്ലേജിൽ സർവ്വേ നം.240/01 ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി അനുയോജ്യമായി കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ഭൂമിയിൽ നിന്നും 25 സെന്റ് ഭൂമി നൽകുന്നതിന് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം മറ്റം സെന്റ് തോമസ് ഫെറോന പള്ളിയോട് ചേർന്നുള്ള വിദ്യാലയത്തിന്റെ കളി സ്ഥലമാണെന്ന് കാണിച്ച് പള്ളി അധികാരികൾ ബഹു.ഹൈക്കോടതിയിൽ WP (C) 42459/2018, 77/2019 എന്നീ നമ്പരുകളിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേഷന് വേണ്ടി കണ്ടെത്തിയ ആളൂർ വില്ലേജിലെ സർവ്വേ നം.240/1 ൽപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട ഡബ്ല്യൂ.പി.സി. 4259/2018, ഡബ്ല്യൂ.പി.സി. 77/2019 നമ്പർ കേസുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | WP ( C) 42459/2018, WP (C ) 77/2019 എന്നീ റിട്ടുകളിൽ ബഹു. കേരള ഹൈക്കോടതിയിൽ വാദം നടക്കുകയും ഇതിലെ എതിർകക്ഷികളായ സെന്റ് തോമസ് ഫെറോന പള്ളിയും, റീഡേഴ്സ് ഫോറം, മറ്റം എന്നിവർ തമ്മിൽ ആളൂർ വില്ലേജിലെ സർവ്വേ നം.240/01 ൽ പ്രസ്തുത ഭൂമിയെ സംബന്ധിച്ച് തൃശ്ശൂർ Ist Addditional Sub Court ൽ OS 1300/2010 പ്രകാരം സിവിൽ കേസ് നിലവിൽ ഉള്ളതിനാൽ ആയത് തീർപ്പാക്കിയതിന് ശേഷം പ്രസ്തുത റിട്ടുകൾ പരിഗണിക്കുകയുള്ളൂ എന്ന് ബഹു.ഹൈക്കോടതിയിൽ നിന്നും അറിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ